# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ:370

24.06.2019-ലെ മറുപടി

### ജലനിധി രണ്ടാംഘട്ടപദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.ബി.സത്യൻ<br>ശ്രീ.വി.കെ. സി. മമ്മത് കോയ<br>ശ്രീ.എം.മുകേഷ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി ഗ്രാമീണ ശുദ്ധജല വിതരണ, ശുചിത്വ മേഖലകളിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) | • കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി ഗ്രാമീണ മേഖലകളിലെ കുടിവെള്ള ശുചിത്വ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഗുണഭോക്താക്കളുടേയും ഗ്രാമ പഞ്ചായത്തുകളുടേയും പങ്കാളിത്തത്തോടുകൂടി ലോകബാങ്ക് സഹായത്തോടെ 115 ഗ്രാമപഞ്ചായത്തുകളിൽ 2012-19 കാലയളവിൽ ജലനിധി രണ്ടാം ഘട്ട പദ്ധതി നടപ്പിലാക്കി വരുന്നു.<br>• പദ്ധതികളിലെ ജലസ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജല സംരക്ഷണം, ഭൂജല പരിപോഷണം എന്നീ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. ജലനിധി പഞ്ചായത്തുകളിൽ ജലസുരക്ഷാ രൂപരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്.<br>• ചെറിയ കുടിവെള്ള പദ്ധതികൾക്ക് പുറമെ കേരള ജല അതോറിറ്റിയുടെ വലിയ പദ്ധതികളിൽ നിന്നും കുടിവെള്ളം മൊത്തമായി വാങ്ങി, പഞ്ചായത്തുകളിൽ ഗുണഭോക്തൃ സമിതിയുടെ ഉത്തരവാദിത്വത്തിൽ ജല വിതരണം നടത്തുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>• ഒന്നിലധികം പഞ്ചായത്തുകളിൽ കുടിവെള്ളം നല്കുന്നതിനായുള്ള ജല അതോറിറ്റിയുടെ ബൃഹത് സ്കീമുകൾ ഏറ്റെടുത്ത് നവീകരിച്ച് ജലവിതരണം നടത്തുന്ന പ്രവർത്തനങ്ങളും ജലനിധിയിലൂടെ നടപ്പിലാക്കുന്നു. |

| | | | |
|---|---|---|---|
| | | | • കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പും പരിപാലനവും ഗുണഭോക്തൃ സമിതികൾ തന്നെ നേരിട്ട് നടത്തുന്നതിനാവശ്യമായ പരിശീലന പരിപാടികളും KRWSA നൽകിവരുന്നു. |
| (ബി) | ജലനിധി രണ്ടാംഘട്ടത്തിൽ എത്ര പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; പദ്ധതി പൂർത്തീകരിക്കേണ്ട കാലാവധി അറിയിക്കാമോ; നിലവിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; | (ബി) | ജലനിധി രണ്ടാം ഘട്ടത്തിൽ 2176 പദ്ധതികൾ ആണ് ആസൂത്രണം ചെയ്തിരിക്കുന്നത് , രണ്ടാം ഘട്ട പദ്ധതി പൂർത്തീകരിക്കേണ്ട കാലാവധി 28-06-2019 ആണ് . നിലവിൽ 2146 പദ്ധതികൾ 31-05-2019 വരെ പൂർത്തീകരിച്ചിട്ടുണ്ട് . |
| (സി) | ജലനിധി ഒന്നാംഘട്ട പദ്ധതികളിൽ മൂന്നിലൊന്ന് ഉപയോഗ യോഗ്യമല്ലാതായത് പുനരുദ്ധരിക്കാനും നവീകരിക്കാനും പദ്ധതിയുണ്ടോ; | (സി) | ഉണ്ട്; ജലനിധി ഒന്നാംഘട്ട പദ്ധതികളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി 2018-19 ൽ 10 കോടി രൂപയും 2019 -2020 കാലയളവിൽ 55 കോടി രൂപയും നീക്കി വച്ചിട്ടുണ്ട് . |
| (ഡി) | വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള വിതരണ ശൃംഖലകൾ കെ. ആർ. ഡബ്ല്യൂ. എസ്. എ.ക്ക് കൈമാറാറുണ്ടോ; എങ്കിൽ ഇത് ഉപഭോക്താക്കൾ അധിക നിരക്ക് നൽകുന്നതിന് ഇടയാക്കുന്നുണ്ടോ എന്ന് അറിയിക്കാമോ? | (ഡി) | ഇല്ല. വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള വിതരണ ശൃംഖലകൾ ജലനിധി, പഞ്ചായത്തുകളുടെ ആവശ്യമനുസരിച്ച് ഗുണഭോക്തൃ സമിതികൾക്ക് കൈമാറാറുണ്ട്. ഗുണഭോക്തൃ സമിതികൾക്ക് നിലവിൽ കിലോലിറ്ററിന് 6 രൂപ നിരക്കിലാണ് കേരള വാട്ടർ അതോറിറ്റി ജലം നൽകുന്നത്. ജലനിധി പദ്ധതിയുടെ തുടർ നടത്തിപ്പ് ചെലവുകൾ കൂടി ഉൾപ്പെടുത്തി ഗുണഭോക്താക്കൾ നൽകേണ്ടുന്ന വെള്ളക്കരം നിശ്ചയിക്കുന്നത് അതാതു ഗുണഭോക്തൃ സമിതികളാണ്. |

**സെക്ഷൻ ഓഫീസർ**